**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5963** **28.10. 2011-ൽ മറുപടിക്ക്.**

## കോടതി ഭാഷ മലയാളം ആക്കണം എന്ന ആവശ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കോടതി ഭാഷ മലയാളം ആക്കണം എന്ന ആവശ്യം സംബന്ധിച്ച് എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ;<br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | : (എ) & (ബി)<br>കോടതി ഭാഷ മലയാളം ആക്കുന്നതു സംബന്ധിച്ച ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി ശുപാർശകൾ സമർപ്പിച്ചിരുന്നു. ഹൈക്കോടതി ജഡ്ജിമാരുടെ ഒരു കമ്മിറ്റി ടി ശുപാർശകൾ പരിശോധിച്ച് ഇതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ പലതവണ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. എങ്കിലും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. |
| (സി) വിദ്യാസമ്പന്നരായ കുറച്ചുപേർക്കുമാത്രം അറിയാവുന്ന ഇംഗ്ലീഷ് ഭാഷയിൽ കോടതി നടപടികൾ തുടരുന്നത് ജനാധിപത്യ സംവിധാനത്തെ പരിമിതപെടുത്തുന്നുണ്ടോ എന്ന് വിലയിരുത്തുമോ ;<br>(ഡി) ഭരണവും നീതി നിർവ്വഹണവും സാധാരണക്കാരനുകൂടി മനസിലാകുന്ന മാതൃഭാഷയിൽ ആകേണ്ടത് പൗരാവകാശത്തെ സംരക്ഷിക്കുന്നതിന് അനിവാര്യമാണ് എന്ന കാര്യം അനുകൂലമായി പരിഗണിക്കുമോ ? | : (സി) & (ഡി)<br>കോടതി നടപടികൾ സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന വിധത്തിലായാൽ അത് ജനാധിപത്യത്തെ ശക്തിപ്പെടുത്തും എന്ന് വിലയിരുത്തുന്നു. ഹൈക്കോടതിയുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ